# # Palakkad Police Action #

## ***കെട്ടിടനിർമ്മാണ തൊഴിലാളികളുടെ മൊബൈൽ മോഷണം തൊഴിലാക്കിയ പ്രതി പിടിയിൽ***

കെട്ടിടനിർമ്മാണ സ്ഥലങ്ങളിലെ തൊഴിലാളികളുടെ മൊബൈൽഫോണും മറ്റു വസ്തുക്കളും മോഷ്ടിക്കുന്ന പ്രതി ചെർപ്പുളശ്ശേരി പോലീസ് പിടിയിൽ. നെല്ലായ പാറക്കൽതൊടി നിയാമുദ്ദീൻ എന്ന ശിഹാബ് ആണ് പിടിയിലായത്. മോഷ്ടിച്ച മൊബൈലുകൾ ചെർപ്പുളശ്ശേരി, വല്ലപ്പുഴ, പെരിന്തൽമണ്ണ എന്നിവിടങ്ങളിലെ മൊബൈൽ കടകളിൽ വിൽക്കുകയാണ് പ്രതി ചെയ്യുന്നത്.

ചെർപ്പുളശ്ശേരി സർക്കിൾ ഇൻസ്പെക്ടറുടെ നിർദ്ദേശപ്രകാരം എസ്ഐമാരായ സി കെ രാജേഷ്, റോയ് ജോർജ്ജ്, എ എസ് ഐ ബാലസുബ്രഹ്മണ്യം, എസ് സിപിഒ ബിനോയ്, സിപിഒമാരായ പ്രശാന്ത്, റഷീദ് എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.

